നം. സി.ഇ.ഇ/3737/2012/KEAM 2013/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

## KEAM 2013 - കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2013 ലെ MBBS/BDS ഒഴികെയുള്ള വിവിധ മെഡിക്കൽ കോഴ്സുകളിലേയ്ക്കും, എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കും പ്രവേശനത്തിനായി റാങ്ക്ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള, വിവിധ സാമുദായിക സംവരണം / പ്രത്യേക സംവരണം എന്നിവയ്ക്ക് അർഹരായ വിദ്യാർത്ഥികളുടെ താത്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഓരോ കാറ്റഗറിയിലും വിദ്യാർത്ഥികളുടെ സ്ഥാനം സൂചിപ്പിക്കുന്നതാണ് ഈ ലിസ്റ്റ്.

അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച സംവരണത്തിന്റെയും വിവിധ റാങ്ക് ലിസ്റ്റുകളുടെയും അടിസ്ഥാനത്തിലാണ് കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

കാറ്റഗറി ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee-kerala.org എന്ന വെബ്സൈറ്റിൽ പരിശോധനയ്ക്കായി ലഭ്യമാണ്.

<u>*പ്രത്യേക ശ്രദ്ധയ്ക്ക്*</u> : വിവിധ കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളത് സംബന്ധിച്ച കാര്യങ്ങൾ വിദ്യാർത്ഥികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധമായി പരാതികൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ രേഖാമൂലം **28.06.2013 (വെള്ളിയാഴ്ച) വൈകുന്നേരം 5 മണിക്ക് മുൻപായി** നേരിട്ടോ തപാൽ മുഖാന്തിരമോ പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
22.06.2013